15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447 — 06-12-2022 - ൽ മറുപടിയ്ക്ക്

സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോകരാഷ്ട്രങ്ങളിൽ പലതും സാമ്പത്തിക മുരടിപ്പിലായപ്പോഴും തുടരെയുള്ള പ്രകൃതി ദുരന്തങ്ങളെയും കോവിഡ് മഹാമാരി ഉയർത്തിയ സാമ്പത്തിക പ്രതിസന്ധികളെയും അതിജീവിച്ച് സംസ്ഥാനത്തിന് ശ്രദ്ധേയമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും, ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും, സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കു പ്രകാരം 2021-2022 ൽ കേരളത്തിൻറെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ അഭൂതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19 ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാവും. ആഗോള ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽ തന്നെ തുടരുന്നതിനിടയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും |

| | | | |
|---|---|---|---|
| | | | ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിൻറെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം, 2020 ലും 2021ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായിട്ട് പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റു പശ്ചാത്തല മേഖലയിലൂടേയും നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.<br><br>പ്രതിസന്ധികൾക്കിടയിലും 2021-22 സാമ്പത്തിക വർഷം സംസ്ഥാനം മൂലധന ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.41% വർദ്ധനവ് കൈവരിച്ചത് സംസ്ഥാനത്തിൻറെ സുസ്ഥിര വികസന കാഴ്ചപ്പാടിനുള്ള തെളിവാണ്. |
| (ബി) | സുസ്ഥിര വികസനത്തിനും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും കനത്ത വെല്ലുവിളി ഉയർത്തിയ പ്രശ്നങ്ങളെ അതിജീവിച്ച് സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മഹാപ്രളയമടക്കം പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച കടുത്ത പ്രതിസന്ധികൾക്കിടയിലും, ധനപരമായ പല കാര്യങ്ങളിലും കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ച നിസ്സഹകരണ നിലപാട് മറികടന്നും, സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധ നടപടികളും പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളും ജനങ്ങളുടെ വാങ്ങൽ ശേഷിയെ സ്വാധീനിക്കുകയും കമ്പോളം ചലനാത്മകമാക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പുറത്തുവിട്ട കണക്കു പ്രകാരം 2021-2022 ൽ കേരളത്തിൻറെ സ്ഥിര വിലയിലുള്ള (Constant Price) മൊത്ത ആഭ്യന്തര ഉൽപാദന വളർച്ചാ നിരക്ക് 12.01 ശതമാനമാണ്. പ്രസ്തുത വളർച്ച ഇപ്പോഴത്തെ വിലയിൽ (Current Price) കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ വളർച്ചാ നിരക്ക് 8.7 ശതമാനം മാത്രം നിലനിൽക്കുമ്പോഴാണ് കേരളത്തിന്റെ അത്ഭുതപൂർവ്വമായ ഈ വളർച്ച. കോവിഡിന് മുന്നേയുള്ള 2018-19 ലുള്ള നിലയുമായി താരതമ്യം ചെയ്താൽ ഇത് 15.05 ശതമാനമാവും. ആഗോള |

| | | | |
|---|---|---|---|
| | | | ദേശീയ സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിൽ തന്നെ തുടരുന്നതിനിടയാണ് കേരളം അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ദേശീയ അന്തർദേശീയ സർക്കാരുകൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ പലതും വൻകിട വ്യവസായികളേയും അതിലൂന്നിയ സമ്പദ് വ്യവസ്ഥയേയും പിടിച്ചുനിർത്താൻ ശ്രമിച്ചപ്പോൾ സംസ്ഥാനം പ്രഖ്യാപിച്ച പാക്കേജുകളും സഹായങ്ങളും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിൻറെ താഴെത്തട്ടിലുള്ളവരുടെ ക്രയശേഷി കൂട്ടുന്ന തരത്തിലുള്ളതായിരുന്നു. ഒരിക്കലും മുടങ്ങാത്ത ക്ഷേമ പെൻഷനുകൾ, സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം, 2020 ലും 2021ലും പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വീതം കോവിഡ് പാക്കേജുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള അനുബന്ധ പാക്കേജുകൾ, പലിശ സർക്കാർ അടച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ, ക്ഷേമനിധി ബോർഡ് വഴിയുള്ള സഹായങ്ങൾ, ഫലപ്രദമായ സൗജന്യ കോവിഡ് ചികിത്സ എന്നിവയെല്ലാം സംസ്ഥാനത്തെ സാമ്പത്തിക പുനരുജ്ജീവനത്തിലേക്ക് നയിച്ചു. ഇതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജായിട്ട് പ്രഖ്യാപിച്ചിരുന്ന കിഫ്ബിയിലൂടേയും മറ്റ് പശ്ചാത്തല മേഖലയിലൂടേയും നടത്തിയ നിക്ഷേപങ്ങൾ സാമ്പത്തിക മേഖലയെ ചലനാത്മകമാക്കിയിട്ടുണ്ട്.<br><br>പ്രതിസന്ധികൾക്കിടയിലും 2021-22 സാമ്പത്തിക വർഷം സംസ്ഥാനം മൂലധന ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.41% വർദ്ധനവ് കൈവരിച്ചത് സംസ്ഥാനത്തിൻറെ സുസ്ഥിര വികസന കാഴ്ചപ്പാടിനുള്ള തെളിവാണ്. |
| (സി) | ലോകത്തെ വിവിധ സമ്പദ്ഘടനകൾ പഠനവിധേയമാക്കുന്ന അന്താരാഷ്ട്ര ഏജൻസിയായ ഫിച്ച് റേറ്റിംഗിന്റെ, സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ന്യൂയോർക്ക് സിറ്റിയും ലണ്ടനും കേന്ദ്രീകരിച്ചുള്ള ഒരു അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയാണ് ഫിച്ച് റേറ്റിംഗ്സ്. 2020-21 സാമ്പത്തിക വർഷം 'BB' സ്റ്റേബിൾ എന്ന റേറ്റിംഗാണ് കേരളത്തിനു ഈ ഏജൻസി നൽകിയിരുന്നതെങ്കിൽ നടപ്പ് വർഷം ഒക്ടോബർ മാസം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ BB നെഗറ്റീവായിട്ടാണ് റേറ്റിംഗ് നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് അനുവദനീയമായ കടമെടുപ്പ് പരിധിയിൽ കുറവ് ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടാണ് റേറ്റിംഗിൽ ഇടിവ് പ്രതിഫലിക്കാൻ പ്രധാന കാരണം . |

| | | | |
|---|---|---|---|
| | | | എന്നാൽ ആരോഗ്യ വിദ്യാഭ്യാസ ചെലവുകളിൽ സംസ്ഥാനം കാണിക്കുന്ന ഉത്തരവാദിത്തം പോലുള്ള കാര്യങ്ങൾ കണക്കിലെടുത്ത് 'Local Regional Government' എന്ന Type-A പട്ടികയിലാണ് ഈ ഏജൻസി കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. മിഡ് റേയ്ഞ്ച് റിസ്ക് പ്രൊഫയിലിന്റെയും ഡെബ്റ്റ് സസ്റ്റയിനബിലിറ്റി സ്കോറിന്റെയും അടിസ്ഥാനത്തിൽ കേരളത്തിൻറെ സ്റ്റാൻഡലോൺ ക്രെഡിറ്റ് പ്രൊഫയിൽ **'BB'** എന്ന ഗ്രേഡിൽ മാറ്റമില്ലാതെ തന്നെ തുടരുന്നുണ്ട്. കേരളത്തിന്റെ സുസ്ഥിരമായ വരുമാന സ്രോതസ്സുകൾ, ചെലവുകളുടെ മിതമായ നിയന്ത്രണം, ചെലവു ചുരുക്കലിലൂടെ ബജറ്റ് സമ്മർദ്ദത്തോട് പ്രതികരിക്കാനുള്ള കഴിവ്, കേന്ദ്ര ഗവണ്മെന്റിന്റെയും റിസർവ്വ് ബാങ്കിന്റെയും പിന്തുണയോടെ മൂലധന വിപണിയിൽ പ്രവേശിക്കാനുള്ള കേരളത്തിന്റെ കഴിവ് എന്നിവ ഫിച്ച് റേറ്റിംഗ് റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ